പാഠം 7

# വിദ്യാഭ്യാസത്തിൽ ആരാധന

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക: ദാനീ. 3; വെളി. 14:6–12; സങ്കീ. 78:1–17; യോഹ. 4:7–26; 1 ദിന. 16:1–36; മർക്കൊസ് 7:1–13.**

**മനഃപാഠവാക്യം: "യഹോവയ്ക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; കാഴ്ചയുമായി അവന്റെ സന്നിധിയിൽ ചെല്ലുവിൻ; വിശുദ്ധ ഭൂഷണം ധരിച്ചുകൊണ്ടു യഹോവയെ നമസ്കരിപ്പിൻ" (1 ദിന. 16:29).**

ആരാധന മനുഷ്യവർഗ്ഗത്തിന്റെ ഭാഗമാണ്, മനുഷ്യപ്രകൃതത്തിന്റെ, വീഴ്ച ഭവിച്ച മനുഷ്യപ്രകൃതത്തിന്റെപോലും ഭാഗം. ദൈവത്താൽ നൽകപ്പെട്ട സ്വാതന്ത്ര്യത്തിൽനിന്ന് നാം കർത്താവിനെ ആരാധിക്കുന്നു, കാരണം നാം അവനെ സ്നേഹിക്കയും അവൻ ആരാധനായോഗ്യനാണെന്ന് അറിയുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ജീവികളായാണ് നാം സൃഷ്ടിക്കപ്പെട്ടത് എന്നതിൽ ചോദ്യം ഏതും ഇല്ല. വീഴ്ച ഭവിക്കാത്ത ഒരു ലോകത്തിൽ അപ്രകാരമുള്ള ആരാധന താരതമ്യേന എളുപ്പമായിരുന്നിരിക്കാം, അവിടെ നാശത്താലും, മരണത്താലും, പാപത്താലും വികലമാകാത്ത ഒരു സൃഷ്ടിപ്പിൽ മനുഷ്യന് ദൈവവുമായി മുഖാമുഖം ബന്ധമുണ്ടായിരുന്നു. വീഴ്ച ഭവിച്ച ഒരു ലോകം മാത്രം അറിയാവുന്ന നമുക്ക് ചിന്തിക്കാനേ കഴിയാത്ത ഒരു സൃഷ്ടിപ്പ്.

ഇന്ന്, നിശ്ചയമായും, ജന്മസിദ്ധമായി ആരാധിക്കാനുള്ള ആവശ്യം ഇപ്പോഴും നിലനില്ക്കുന്നുവെങ്കിലും, അത്, ലോകത്തിലുള്ള മറ്റെല്ലാറ്റിനെയുംപോലെ, പാപത്താൽ വികലമാക്കപ്പെടുകയും വളച്ചൊടിക്കയും ചെയ്യപ്പെട്ടിരിക്കുന്നു, അതിനർത്ഥം മറ്റ് കാര്യങ്ങൾക്ക് ഇടയിൽ നാം, ആരാധിക്കുന്ന ജീവികളെന്ന നിലയ്ക്ക്, തെറ്റായ കാര്യങ്ങളെ ആരാധിക്കുന്നതിൽ എത്തിച്ചേരാൻ സാധ്യതയുണ്ട്, അല്ലെങ്കിൽ ദൈവത്തെ ആരാധിക്കേണ്ട രീതിയിൽ ആരാധിക്കാതിരിക്കുന്നതിലേക്കും എത്തിച്ചേരും (ഉദാഹരണത്തിന് മർക്കൊസ് 7:1–13; യിരെ. 7:4 കാണുക).

ആയതിനാൽ, ക്രിസ്തീയ അനുഭവത്തിൽ ആരാധന വളരെ പ്രാധാന്യം ഉള്ളതാകകൊണ്ട്, ക്രിസ്തീയ വിദ്യാഭ്യാസം ഈയാഴ്ചയിലെ പാഠത്തിന്റെ വിഷയമായ ആരാധനയുടെ കാര്യം കൈകാര്യം ചെയ്യണം.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് നവംബർ 14 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## നാമെല്ലാം എന്തിനെയെങ്കിലും ആരാധിക്കുന്നുണ്ട്

നമ്മിൽ എന്തോ ഉണ്ട് – എന്തോ, സംശയമില്ല, അത് ആരംഭത്തിൽ ദൈവം നമ്മിൽ തുന്നിച്ചേർത്തതാണ്, എന്നാൽ, മറ്റുള്ളതിനെല്ലാം പോലെ, പാപത്താൽ വഴിപിഴച്ചു പോയി – ആരാധനയ്ക്കായി ആഗ്രഹിക്കുന്ന എന്തോ ഒന്ന്. വ്യക്തമായും, ആദിയിൽ നാം ആരാധനയ്ക്കു യോഗ്യനായ നമ്മുടെ കർത്താവും സ്രഷ്ടാവും ആയവനെ ആരാധിക്കുമായിരുന്നുള്ളൂ. എന്നാൽ വീഴ്ച മുതൽ, ഇതെല്ലാം മാറി, വലിയ മാറ്റം.

എന്നാൽ, അതേ, നാം എല്ലാം എന്തിനെയോ ആരെയോ, എന്തു തന്നെ  ആയാലും ആരാധിക്കുന്നു. എന്തുകൊണ്ടാണ് മാനവചരിത്രത്തിലുടനീളം, ഇന്നുപോലും, മനുഷ്യർ ആരാധന ശീലിക്കുന്നത് എന്ന് വിശദമാക്കാൻ ഇത് സഹായകരമാകുന്നു. പുരാതന മിസ്രയീമിൽ, ചില മനുഷ്യർ ഫറവോനെ ആരാധിച്ചിരുന്നു; മറ്റ് സമയങ്ങളിൽ, മറ്റ് ദേശങ്ങളിൽ, മനുഷ്യർ മീൻ, അനേക തലകളുള്ള ദേവന്മാർ, മറ്റ് സാങ്കല്പിക ദേവീദേവന്മാർ എന്നിവയെ ആരാധിച്ചിരുന്നു. ചിലർ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെയും ആരാധിച്ചിരുന്നു.

ഇന്ന്, മിക്കവരും അത്ര പരിഷ്കൃതരായതുകൊണ്ട് ഒരു തവളയുടെ പ്രതിമയ്ക്ക് മുമ്പിൽ തല വണങ്ങില്ല (എന്നാൽ, വ്യക്തമായും മറിയയുടെ പ്രതിമയ്ക്കു മുമ്പിൽ അത് ചെയ്യും); എന്നിരുന്നാലും, മനുഷ്യർ, മതേതരമായ മനുഷ്യർ പോലും, ഒന്നിനെയും ആരാധിക്കുന്നില്ല എന്ന് ഇതിനർത്ഥമില്ല; പണം, അധികാരം, ലൈംഗികത, അവരവരെത്തന്നെ, റോക്ക് ഗായകർ, അഭിനേതാക്കൾ, രാഷ്ട്രീയക്കാർ എന്നിവരെയൊക്കെ അവർ ആരാധിക്കുന്നു. നാം എന്തിനെയാണോ കൂടുതൽ സ്നേഹിക്കുന്നത്, നമ്മുടെ ശ്രദ്ധ ഏറ്റവും കൂടുതൽ എന്തിനാണോ കൊടുക്കുന്നത്, നാം എന്തിനുവേണ്ടി ജീവിക്കുന്നുവോ, അതാണ് നാം ആരാധിക്കുന്നത്. മതേതര എഴുത്തുകാരൻ ഡേവിഡ് ഫോസ്റ്റർ വാലസ് താക്കീത് നൽകുന്നു, നിങ്ങൾ തെറ്റായ വസ്തുവിനെ ആരാധിച്ചാൽ അത് “നിങ്ങളെ ജീവനോടെ തിന്നും.”

യഥാർത്ഥ ആരാധനയുടെ പ്രാധാന്യത്തെക്കുറിച്ച് ദാനീയേൽ 3 ലെ കഥ നമ്മെ എന്തു പഠിപ്പിക്കുന്നു?

ആ മൂന്ന് യെഹൂദാ ബാലന്മാർ  പ്രകടമായും രണ്ടാം കല്പനയെ (പുറ. 20:4–6) ദൈവം ഉദ്ദേശിച്ച രീതിയിൽ ഗൗരവത്തോടെ എടുത്തു.  എന്തായാലും, അത് പത്ത് കല്പനയുടെ ഭാഗമാണല്ലോ, കൊലപാതകം, മോഷണം തുടങ്ങിയവയ്ക്ക് ഒപ്പം ഏറ്റവും മുകളിൽ. ആരാധന, ശരിയായ ആരാധന, അത്ര പ്രധാനമായതുകൊണ്ട്, വാസ്തവത്തിൽ, അത് അന്ത്യനാളുകളിലെ കേന്ദ്രവിഷയമാകുന്നു, ക്രിസ്തുവിന്റെ രണ്ടാം വരവിനു മുമ്പ്. അപ്രകാരം, ക്രിസ്തീയ വിദ്യാഭ്യാസം ആരാധന എന്ന സമ്പൂർണ വിഷയം അതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. അത് എന്താണ്, നാം അത് എങ്ങനെ ചെയ്യുന്നു, എന്തുകൊണ്ടാണ് അത് പ്രധാനമായിരിക്കുന്നത്, നാം ആരെ ആരാധിക്കുന്നു?

**വെളിപ്പാട് 14:6–12 വായിക്കുക. ക്രിസ്തു തിരികെ വരുന്നതിനു മുമ്പുള്ള അന്ത്യ നിർണ്ണായകഘട്ടത്തിൽ ആരാധന എന്ന വിഷയം എത്ര കേന്ദ്രീകൃതമായിരിക്കും എന്നതിനെക്കുറിച്ച് ഈ വാക്യങ്ങൾ എന്ത് പഠിപ്പിക്കുന്നു?**

## അവ അവരുടെ മക്കളോട് പ്രസ്താവിക്ക

പഴയനിയമത്തിലെ സങ്കീർത്തനങ്ങൾ ആത്യന്തികമായി പുരാതന യിസ്രായേലിന്റെ മതപരമായ ജീവിതത്തിൽ ഒരു പങ്ക് വഹിക്കാൻ കാരണമായി. പഴയനിയമ കാലത്ത്, പ്രത്യേകിച്ച് പൊതു ആരാധനയിൽ സംഗീത ഉപകരണങ്ങളോടെ അവ ഉരുവിടുകയും പാടുകയും ചെയ്യുമായിരുന്നു. യിസ്രായേൽ ഒരു സമൂഹമായി പ്രവർത്തിച്ചു, ഒരു സമൂഹമെന്ന നിലയിൽ അവർ ഒരുമിച്ച് ആരാധിച്ചു.

സങ്കീർത്തനങ്ങൾ അടിസ്ഥാനപരമായി പദ്യങ്ങളാണ്, പാട്ടുകളുടെ വരികൾ. സങ്കീർത്തനങ്ങൾക്കുള്ള എബ്രായ പദമായ Tehillim (ടെഹിലിം) യുടെ അർത്ഥം “സ്തുതിഗീതങ്ങൾ” എന്നാണ്. അങ്ങനെ നമ്മൾ ദൈവത്തിനു സ്തുതി പാടുമ്പോൾ നാം മറ്റെന്തു തന്നെ ചെയ്താലും ദൈവത്തെ ആരാധിക്കുകയാണ്.

**സങ്കീർത്തനം 78:1–17 വായിക്കുക. ഇവിടുള്ള സുപ്രധാന സന്ദേശം എന്താണ്, അത് എങ്ങനെയാണ് ആരാധനയുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ യോജിക്കുന്നത്?**

______________________________

______________________________

______________________________

______________________________

സങ്കീർത്തനം 78 ലെ ദൂതിന്റെ കാര്യത്തിൽ ഒരു പ്രത്യേകമായ നിശ്ചയദാർഢ്യമുണ്ട്. രണ്ടാം വാക്യത്തിൽ, “പുരാതനകടങ്കഥകളെ” നാം എങ്ങനെ പങ്കുവെയ്ക്കുമെന്ന് ആസാഫ് സൂചിപ്പിക്കുന്നു. “കടങ്കഥ” അഥവാ “dark sayings” എന്നത് “അശുഭസൂചകം” എന്ന് അർത്ഥമില്ല പിന്നെയോ, മങ്ങുന്ന, വാടിയ എന്നൊക്കെയാണ്, നിർണ്ണായക സംഭവങ്ങൾ കൂടുതലായി പിമ്പോട്ട് പോകുമ്പോൾ ചരിത്രത്തിനു സംഭവിക്കാവുന്നതുപോലെ. മറ്റ് പരിഭാഷകളിൽ, “രഹസ്യം” അല്ലെങ്കിൽ “മധുരമായ പഴയ സത്യങ്ങൾ” എന്നാണ് പ്രതിപാദിക്കുന്നത്. ഇവിടത്തെ പ്രധാന വിഷയം യിസ്രായേലിന്റെ വിദ്യാഭ്യാസത്തിൽ മറ്റെന്തു തന്നെ ഉൾപ്പെട്ടാലും, തിരഞ്ഞെടുത്ത രാഷ്ട്രത്തെ ദൈവം എങ്ങനെ നടത്തി എന്ന കഥകൾ കുട്ടികളെ പഠിപ്പിക്കുന്നത് ഉൾപ്പെട്ടിരുന്നു.

**സങ്കീർത്തനം 78:6–17 നോക്കുക. എന്ത് പ്രത്യേകമായ പാഠങ്ങളാണ് അവർ അവരുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടിയിരുന്നത്? ഈ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം എന്തായിരുന്നു?**

**വാക്യങ്ങളിൽ കാണപ്പെടുന്നതുപോലെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽ കുട്ടികൾ ദൈവത്തിൽ ആശ്രയിക്കാൻ പഠിക്കയും അവന്റെ കല്പനകളെ പാലിക്കുകയും ചെയ്ക എന്നതാണ്. എങ്ങനെയാണ് വെളിപ്പാട് 14:12 പോലെ ഒരു വാക്യം ഇന്ന് നമുക്കായി അതേ ആശയം പ്രതിഫലിപ്പിക്കുക?**

______________________________

______________________________

______________________________

## സത്യത്തിലും ആത്മാവിലും

എങ്ങനെയാണ് യേശു തകർന്ന ആത്മാക്കളെ ശുശ്രൂഷിച്ചത് എന്നതിനെ സംബ ന്ധിച്ച് പുതിയനിയമത്തിലെ ഏറ്റവും അതിശയകരമായ ഒരു വിവരണമാണ് യേശു വിന്റെയും കിണറ്റിൻകരയിലെ സ്ത്രീയുടെയും കഥ.

**യോഹന്നാൻ 4:7–26 വായിക്കുക. ആരാധനയെക്കുറിച്ച് യേശു എന്താണ് അവ ളോട് പറയുന്നത്? വാസ്തവത്തിൽ, ആരാധന എന്ന വിഷയത്തിൽ പ്രാരംഭമായി അവർ എങ്ങനെ എത്തിച്ചേർന്നു?**

ആരാധനയെക്കുറിച്ച് സംസാരിച്ച് അവൾ വിഷയം മാറ്റാൻ ശ്രമിച്ചെങ്കിലും, യേശു ആരാധനയെക്കുറിച്ചും ആരാധനയിൽ എന്ത് ഉൾപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചും ചില അഗാധമായ സത്യങ്ങൾ അവളുടെ തന്ത്രം ഉപയോഗിച്ച് യേശു നമുക്കായി നല്കി. ഒരുപക്ഷേ നമുക്ക് ഉടനെ ആവശ്യമുള്ളത് അവൻ യോഹന്നാൻ 4:24 ൽ പറഞ്ഞ താണ്: "ദൈവം ആത്മാവ് ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം."

ദൈവത്തിന്റെ സത്യ ആരാധന "ആത്മാവിൽ" ആയിരിക്കണം, അതായത്, അത് സ്നേഹത്തിൽനിന്ന് ഉളവാകണം, അവനെ വ്യക്തിപരമായി അറിയുന്നതിൽനിന്നുള്ള അനുഭവത്താൽ. "ദൈവത്തിൽനിന്നും വരുന്ന മതം മാത്രമാണ് ദൈവത്തിലേക്ക് നയി ക്കുന്ന ഏക മതം. അവനെ ശരിയായി സേവിക്കുന്നതിന്, നാം ദിവ്യ ആത്മാവാൽ ജനിക്കണം. ഇത് ഹൃദയത്തെ ശുദ്ധീകരിക്കുകയും മനസ്സിനെ പുതുക്കുകയും, അങ്ങനെ നമുക്ക് ദൈവത്തെ സ്നേഹിക്കുന്നതിനും അറിയുന്നതിനും ഒരു പുതിയ കഴിവും നൽകുന്നു. അവന്റെ സകല ആവശ്യങ്ങൾക്കും ഇത് നമുക്കൊരു മനസ്സോ ടെയുള്ള അനുസരണം നല്കും. ഇതാകുന്നു സത്യ ആരാധന – അത് ആത്മാവിന്റെ പ്രവർത്തനത്തിന്റെ ഫലമാണ്" – E. G. White, The Desire of Ages, p. 189.

അതേ സമയം, ആരാധന "സത്യത്തിലായിരിക്കണം." നമുക്ക് ദൈവത്തെക്കുറിച്ച് ഒരു ശരിയായ ജ്ഞാനം ഉണ്ടായിരിക്കണം, അവൻ ആരാണെന്നും, അവൻ നമ്മിൽനിന്ന് എന്ത് ആവശ്യപ്പെടുന്നുവെന്നും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വാസപ്രമാണവും ഉൾപ്പെട്ടിരിക്കുന്നു. (ഇത് എത്ര അർത്ഥവത്താണ്, ഉദാഹരണ ത്തിന്, മനുഷ്യരെ നരകത്തിൽ നിത്യതയോളം കത്തിക്കാത്ത ഒരു ദൈവത്തെയാണ് നാം ആരാധിക്കുന്നതെന്ന്.)

അങ്ങനെ, നാം ഇവിടെ ആരാധനയിൽ രണ്ട് കാര്യങ്ങൾ കാണുന്നു: ദൈവത്തെ അനുസരിക്കയും അറികയും ചെയ്യുന്നതിൽനിന്ന് വരുന്ന അനുഭവവും, ദൈവത്തെ ക്കുറിച്ച് നമുക്ക് വെളിവാക്കപ്പെടുന്ന വസ്തുനിഷ്ഠമായ സത്യങ്ങളും. സത്യമില്ലാത്ത ആത്മാവിന് നമ്മെ മറ്റെന്തിനെക്കാളും സ്ഥിരതയില്ലാത്ത വികാരത്തിന്മേൽ പണിയ പ്പെട്ട ആഴമില്ലാത്ത വികാരതീവ്രതയിലേക്ക് നയിക്കാൻ കഴിയും. ഇതിനു വിപരീത മായി, ആത്മാവില്ലാത്ത സത്യത്തിനു ജീവനില്ലാത്ത ഔപചാരികത്വത്തിലേക്കും ആചാ രത്തിലേക്കും നയിക്കാൻ കഴിയും. ആയതിനാൽ, ഇത് രണ്ടും നമുക്ക് ആവശ്യമാണ്.

**"സത്യത്തിലും ആത്മാവിലും" ആരാധിക്കാൻ നിങ്ങൾ ആരെയെങ്കിലും എങ്ങ നെയാണ് പഠിപ്പിക്കുക? ഏത് സാഹചര്യങ്ങളിലാണ് ആർക്കെങ്കിലും ഒന്നിനുമേൽ മറ്റൊന്നിന് ഊന്നൽ ആവശ്യമായിവരിക?**

## വിശുദ്ധ ഭൂഷണം

**1 ദിന. 16:1–36 വായിക്കുക. ആ രംഗം ഭാവന ചെയ്യാൻ ശ്രമിക്കുക. നിങ്ങൾ അതിനെ പാവനമായോ, ഭയാനകമായോ, അല്ലെങ്കിൽ ആനന്ദകരവും ഉത്സവാഘോഷപരവുമായാണോ ഭാവന ചെയ്യുന്നത്? എപ്രകാരമായിരിക്കും അത് രണ്ടിന്റെയും ഒരു കൂട്ടുകെട്ട് ആയിരിക്കും? ഈ രംഗത്തുനിന്ന് ആരാധനയെക്കുറിച്ച് നമുക്ക് എന്ത് പഠിക്കാൻ കഴിയും, ആരാധനയെ നാം എങ്ങനെ പഠിപ്പിക്കയും അനുഭവവേദ്യമാക്കുകയും ചെയ്യും?**

---

---

രക്ഷാപദ്ധതി അവർക്കു വെളിവാക്കപ്പെടുകയും പുരാതന യിസ്രായേലിനോടൊത്ത് ദൈവം വസിക്കയും ചെയ്ത ദൈവാലയമായിരുന്നു ആരാധനാ സ്ഥലം. അങ്ങനെയെങ്കിൽ, ആരാധനയ്ക്കും ആരാധനാ അഭ്യസനത്തിനും കേന്ദ്രമായത് യേശുവും രക്ഷാപദ്ധതിയുമായിരിക്കണം, ഇവയെല്ലാം തന്നെ ദൈവാലയ ശുശ്രൂഷയിൽ വരുവാനിരുന്നതിനെ സൂചിപ്പിച്ചു. ആരാധനയും സ്തുതിയും അർഹിക്കുന്ന മറ്റെന്തുതന്നെ ദൈവം നമുക്ക് ചെയ്തിട്ടുണ്ടെങ്കിലും, അവന്റെ ത്യാഗപൂർണവും പകരക്കാരനായുമുള്ള ക്രൂശിലെ മരണത്താൽ നമുക്ക് നൽകപ്പെട്ട നിത്യജീവന്റെ പ്രത്യാശയില്ലാതെ ഒന്നിനും യാതൊരർത്ഥവുമില്ല.

പുസ്തകഭാഗത്തിന്റെ “സുവിശേഷീകരണ” ശക്തിയും ശ്രദ്ധിക്കുക: സകല ലോകവും യിസ്രായേലിന്റെ ദൈവത്തെക്കുറിച്ച് പഠിക്കേണ്ടിയിരുന്നു.

**1 ദിന. 16:29 നോക്കുക: “യഹോവയ്ക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; കാഴ്ചയുമായി അവന്റെ സന്നിധിയിൽ ചെല്ലുവിൻ; വിശുദ്ധ ഭൂഷണം ധരിച്ചുകൊണ്ടു യഹോവയെ നമസ്കരിപ്പിൻ!” വിശുദ്ധ ഭൂഷണമോ? അതിന്റെ അർത്ഥം എന്തായിരിക്കാം?**

---

---

പാപം എത്ര വൃത്തികെട്ടതും, നാശകരവും, തരംതാണതുമാണ് എന്നതിനെക്കുറിച്ച് ചിന്തിക്കുക. കൂടാതെ, യിസ്രായേലിന് ചുറ്റുമുണ്ടായിരുന്ന രാഷ്ട്രങ്ങളുടെ ആരാധനാ ശീലങ്ങൾ എത്ര തരംതാണതും, ഭീകരവും, തിന്മയുള്ളതും ആയിരുന്നുവെന്ന് ഇപ്പോൾ നമുക്ക് ഭാവന ചെയ്യാൻ ബുദ്ധിമുട്ടാണ്, സകല ശീലങ്ങളിലും വെച്ച് ശിശുബലികൾ. ഈ കാര്യങ്ങൾ പ്രതിഫലിപ്പിച്ചത് അവ ശീലിച്ച മനുഷ്യർ എപ്രകാരമുള്ളവരായിരുന്നു എന്നതാണെന്നതിന് ചോദ്യം ഏതുമില്ല.

ഇതിനു വിരുദ്ധമായി, പുരാതന യിസ്രായേൽ ഒരു വിശുദ്ധ രാഷ്ട്രമായിരിക്കണമായിരുന്നു, അവർക്കു ചുറ്റുമുള്ള ദുഷ്ടാചാരങ്ങളിൽനിന്ന് വേർപെട്ടവർ. അവർ മനസ്സുകളിലും ഹൃദയങ്ങളിലും വിശുദ്ധരായിരിക്കണമായിരുന്നു; ഇതാണ് അവരുടെ ആരാധനയ്ക്ക് ദൈവമുമ്പാകെ ഭൂഷണവും അർത്ഥവും നൽകിയത്. അവരുടെ ഹൃദയങ്ങൾ അവനിൽ നിന്ന് ദൂരെയായിരിക്കുമ്പോഴും അഴിമതിയിൽ ഏർപ്പെടുമ്പോഴും ദൈവത്തെ ആരാധിച്ച ജനങ്ങൾക്കെതിരെ പഴയനിയമ പ്രവാചകന്മാർ വീണ്ടും വീണ്ടും ഭർത്സിച്ചു.

## വിദ്യാഭ്യാസത്തിൽ വിഗ്രഹാരാധന

പുരാതന യിസ്രായേൽ മതതീക്ഷ്ണതയുള്ള ജനങ്ങളാൽ ചുറ്റപ്പെട്ടിരുന്നു. അവരുടെ ദേവന്മാരെ ആരാധിക്കുന്നതിലും പ്രീതിപ്പെടുത്തുന്നതിലും അവർ അത്ര സമർപ്പണമുള്ളവരായിരുന്നതുകൊണ്ട് അവരുടെ കുഞ്ഞുങ്ങളെപ്പോലും അവർക്കുവേണ്ടി യാഗം കഴിക്കുമായിരുന്നു. അതാണ് സമർപ്പണം, അങ്ങനെയല്ലേ?

അതിനാൽ, ആരാധന, സത്യദൈവ ആരാധന, അവരെ ചുറ്റിയിരുന്ന വ്യാജ ആരാധനയിലും വിഗ്രഹാരാധനയിലും കുടുങ്ങിപ്പോകാതെ എബ്രായരെ സംരക്ഷിക്കുന്നതിന് വളരെ പ്രധാനമായിരുന്നു. എന്നിട്ടുകൂടി, അവർ സകല താക്കീതുകളെയും അവഗണിച്ചു, വിഗ്രഹാരാധനയ്ക്കെതിരെ ഉണ്ടായിരുന്ന പ്രത്യേക താക്കീതുകളെയും തള്ളി വിഗ്രഹാരാധനാ ശീലങ്ങളിൽ പതിച്ചു.

ഇന്ന് നമ്മുടെ കാര്യമോ? അവൻ നമുക്കു വേണ്ടി ചെയ്തിട്ടുള്ള സകലതും എണ്ണിയെണ്ണി പറഞ്ഞുള്ള സത്യദൈവത്തിന്റെ ആരാധനയും എന്തുകൊണ്ട് വളരെ പ്രധാനമാണ് – പ്രത്യേകമായി ആധുനിക വിഗ്രഹാരാധനയുടെ അപകടങ്ങളുടെ മുഖത്ത്?

**മർക്കൊസ് 7:1–13 വായിക്കുക. നമ്മുടെ വിശ്വാസത്തിന്റെ പരിശീലനത്തെ നിഷേധാത്മകമായി ബാധിക്കാവുന്ന, ലോകത്തിൽനിന്ന് എടുക്കപ്പെട്ട വ്യാജ ഉപദേശത്തിന്റെ അപകടവും ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് പ്രയോഗിക്കാവുന്ന എന്ത് തത്വമാണ് നാം 7 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്?**

ഇന്ന് ലോകത്തിലുള്ള അനേകം വലിയ ബുദ്ധിപരമായ ആശയങ്ങൾ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു സ്വാഭാവിക കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയാണ്. ഇന്ന് പാഠശാലകളിൽ പഠിക്കുന്ന അനേകം വിജ്ഞാന ശാഖകളും ആ കാഴ്ചപ്പാടിലാണ് പഠിക്കുന്നത്, ഇതിനർത്ഥം പഠിപ്പിക്കപ്പെടുന്നത് തിരുവെഴുത്തിന് വിരുദ്ധമായിരിക്കും എന്നാണ്. പ്രയോഗത്തിലായിരിക്കുന്നതും, സിദ്ധാന്തപരവും, വാദത്തിനുള്ള അടിസ്ഥാന നിർദ്ദേശങ്ങളും ആരാധിക്കാൻ നാം പരീക്ഷിക്കപ്പെട്ടേക്കാം. ഈ ആശയങ്ങൾ വ്യാപാര മുദ്രയാക്കിയ ഗണിതശാസ്ത്രജ്ഞർ, ശാസ്ത്രജ്ഞർ, തത്വചിന്തകർ എന്നീ ഉജ്ജ്വല മനസ്സുകൾക്ക് ദൈവികത്വം നൽകാനും നമുക്ക് കഴിയും. പ്രശ്നം എന്തെന്നാൽ മിക്കപ്പോഴും ഈ ആശയങ്ങൾ തിരുവെഴുത്തിന് വിരുദ്ധമാണെന്നതാണ്, എന്നിരുന്നാലും അവ ഇപ്പോൾ പഠിപ്പിക്കപ്പെടുന്നതിനാലും സത്യം എന്ന് വിശ്വസിക്കപ്പെടുന്നതിനാലും, മനുഷ്യർ അവയെ ക്രിസ്തീയ വിദ്യാഭ്യാസവുമായി സംയോജിപ്പിക്കാൻ ശ്രമിക്കുന്നു. എന്നിരുന്നാലും, അത് ചെയ്യാൻ കഴിയുന്ന ഏക മാർഗ്ഗം വിശ്വാസം ആപത്തിലാക്കുക എന്നതാണ്, അത് മിക്കപ്പോഴും അർത്ഥമാക്കുന്നത് നിലവിലുള്ള ആശയങ്ങളുമായി തിരുവെഴുത്തിനെ അനുയോജ്യമാക്കുവാൻ തിരുവെഴുത്തുകളെ വികലമാക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുക എന്നതാണ്.

**തിരുവെഴുത്തുമായി ഏറ്റുമുട്ടലുണ്ടാക്കുന്ന നിലവിലുള്ള വ്യാപകമായ വിശ്വാസങ്ങളിൽ ചിലത് എന്തൊക്കെയാണ്, നമുക്ക് എങ്ങനെയാണ് ഒരു സഭയെന്ന നിലയിൽ നമ്മുടെ സ്വന്തം വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഇവ സംയോജിക്കാതെ നമ്മെത്തന്നെ സംരക്ഷിക്കാൻ കഴിയുക?**

## കൂടുതൽ ചിന്ത:

"ഹൃദയം സകലത്തിനും മീതെ വഞ്ചന നിറഞ്ഞത്, ആശയറ്റ വിധം ദുഷ്ടമായതും. മതാനുഷ്ഠാനികൾ അവർ വിശ്വാസത്തിലാണോ എന്ന് തങ്ങളെത്തന്നെ സൂക്ഷ്മമായി പരിശോധിക്കാൻ തയ്യാറല്ല, അനേകരും വ്യാജപ്രത്യാശയിൽ ആശ്രയിക്കുന്നു എന്നത് ഭയാനകമായ ഒരു വസ്തുതയാണ്. ചിലർ തങ്ങൾക്ക് വർഷങ്ങൾക്കു മുമ്പ് ഉണ്ടായ ഒരനുഭവത്തിൽ ആശ്രയിക്കുന്നു; എന്നാൽ ഹൃദയപരിശോധനയുടെ സമയമാകുമ്പോൾ, എല്ലാവർക്കും ഒരു ദൈനംദിന അനുഭവം ഉണ്ടായിരിക്കേണ്ടപ്പോൾ, അവർക്ക് ചൂണ്ടിക്കാണിക്കുവാൻ യാതൊന്നുമില്ല. സത്യത്തെക്കുറിച്ചുള്ള അറിവ് അവരെ രക്ഷിക്കുമെന്ന് അവർ ചിന്തിക്കുന്നതായി തോന്നുന്നു. ദൈവം വെറുക്കുന്ന പാപങ്ങൾ നാം അമർച്ച ചെയ്യുമ്പോൾ, യേശു അകത്ത് വന്ന് നിങ്ങൾ അവനോടും അവൻ നിങ്ങളോടുമൊത്ത് അത്താഴം കഴിക്കും. അപ്പോൾ നിങ്ങൾ യേശുവിൽനിന്ന് ദിവ്യമായ ശക്തി വലിച്ചെടുക്കുകയും, നിങ്ങൾ അവനിൽ വളരുകയും, വിശുദ്ധമായ വിജയത്തോടെ നിങ്ങൾക്ക് പറയാൻ കഴിയുകയും ചെയ്യും, കർത്താവായ യേശുക്രിസ്തുവിലൂടെ നമുക്ക് ജയം നൽകുന്ന ദൈവം വാഴ്ത്തപ്പെട്ടവൻ. ശീതോഷ്ണവാന്മാരായ മതാനുഷ്ഠാനികൾ ഒരിക്കലും അവന്റെ നാമം ഉച്ചരിക്കാതിരുന്നെങ്കിൽ അത് കർത്താവിന് കൂടുതൽ സന്തോഷമായേനെ. യേശുവിന്റെ വിശ്വസ്ത അനുയായികൾക്ക് അവർ ഒരു നിരന്തര ഭാരമാണ്. അവർ അവിശ്വാസികൾക്ക് ഒരു പ്രതിബന്ധമാണ്, ദുഷ്ടദൂതന്മാർ അവർക്കുമേൽ വിജയോത്സവം കൊള്ളുകയും, അവരുടെ വളഞ്ഞ വഴികൊണ്ട് ദൈവത്തിന്റെ ദൂതന്മാരെ ശല്യം ചെയ്യുകയും ചെയ്യുന്നു. അപ്രകാരമുള്ളവർ ഭവനത്തിലും വെളിയിലും ഒരു ശാപമാണ്. അവരുടെ ഹൃദയങ്ങൾ അവനിൽനിന്ന് വളരെ ദൂരെയായിരിക്കുമ്പോൾ, അവർ അവരുടെ അധരങ്ങൾകൊണ്ട് ദൈവത്തോട് അടുക്കുന്നു" - E. G. White, Spiritual Gifts, Vol. 2, p. 227.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **മർക്കൊസ് 7:1–13 ൽനിന്നും, വ്യാജാരാധനയുടെ അടിസ്ഥാനപരമായ അവസ്ഥ ഒരു ഹൃദയ പ്രശ്നമാണെന്ന് നാം മനസ്സിലാക്കി. നമ്മുടെ അധരങ്ങൾകൊണ്ടുള്ള ആരാധന ഹൃദയത്തിൽനിന്ന് ഉളവാകുന്നില്ലെങ്കിൽ ദൈവം അതിനെ പരിഗണിക്കുന്നില്ല. എന്തുകൊണ്ടാണ് സുവിശേഷവും നമുക്ക് പകരമായുള്ള യേശുവിന്റെ മരണത്തിന്റെ കഥയും യഥാർത്ഥമായി ദൈവത്തെ സ്നേഹിക്കുന്നതിന് ഹൃദയങ്ങളെ തുറക്കുവാനുള്ള ഏറ്റവും ശക്തമായ വഴി ആയിരിക്കുന്നത്?**

2. **"സത്യത്തിലും ആത്മാവിലും" ദൈവത്തെ ആരാധിക്കുക എന്ന ആശയത്തെക്കുറിച്ച് കൂടുതലായി വിശകലനം ചെയ്യുക. ഒന്ന് ചെയ്യാതെ മറ്റൊന്ന് ചെയ്യുന്നത് സാധ്യമാണോ, അതോ സത്യ ആരാധന രണ്ടും ആവശ്യപ്പെടുന്നുവോ? അങ്ങനെയെങ്കിൽ, എന്തുകൊണ്ട്?**

3. **അതേ, സത്യമായി ദൈവത്തെ ആരാധിക്കുവാൻ നമ്മുടെ ഹൃദയങ്ങൾ ശരിയായിരിക്കണം, എന്നാൽ അതിനർത്ഥം എന്താണ്? നിങ്ങൾ പൂർണമായി ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നതുവരെ, നിങ്ങളുടെ ജീവിതം പരിപൂർണ്ണ ചിട്ടയിലാകുന്നതുവരെ, കാത്തിരിക്കണോ, നിങ്ങൾക്ക് ദൈവത്തെ ആരാധിക്കുവാൻ സാധ്യമാകുന്നതിന് മുമ്പ്? മറുഭാഗത്ത്, എങ്ങനെയാണ് ആരാധനയ്ക്ക്, സത്യാരാധനയ്ക്ക്, ദൈവവുമായി ശരിയായ സ്ഥാനത്താകാൻ നിങ്ങളുടെ ഹൃദയങ്ങളെ സഹായിക്കാനാകുക?**

* * *